പതിമൂന്നാം കേരള നിയമസഭ
എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1433 22.3.2013-ൽ മറുപടിക്ക്

## നഗരസഭകൾ മാലിന്യനിർമ്മാർജ്ജനത്തിനായി നീക്കി വച്ചിട്ടുള്ള തുക

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി | | ശ്രീ.മഞ്ഞളാംകുഴി അലി (നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പു മന്ത്രി) | |
| എ) | മാലിന്യനിർമ്മാർജ്ജനത്തിന് നഗരസഭകൾ എത്രത്തോളം പ്രാധാന്യം നല്കുന്നുണ്ടെന്ന് വിശദമാക്കുമോ; | എ) | കേരളത്തിലെ ചുരുക്കം ചില നഗരസഭകളൊഴികെ എല്ലാ നഗരസഭകളിലും വേണ്ടത്ര ശുഷ്കാന്തി കാണിക്കാതെയാണ് ഖരമാലിന്യ സംസ്കരണ പ്രവർത്തനങ്ങൾ നടത്തുന്നത്. ഇന്ന് കേരളത്തിൽ ഉണ്ടായിട്ടുള്ള മാലിന്യ പ്രശ്നങ്ങൾ വർഷങ്ങളായി മാലിന്യം വേണ്ട വിധം സംസ്കരിക്കപ്പെടാതെ കൈകാര്യം ചെയ്തതിൽ ഉണ്ടായതാണ്. അതു പരിഹരിക്കണമെങ്കിൽ കൂട്ടായ ശ്രമങ്ങളിലൂടെ മാത്രമേ കഴിയുകയുള്ളു. അതിനുള്ള തീവ്രമായ ശ്രമങ്ങളാണ് നടത്തി വരുന്നത്. ഉറവിട മാലിന്യ സംസ്കരണം തുടങ്ങി ആധുനിക പ്ലാന്റുകളുടെ സ്ഥാപനം വരെ അതിനുള്ള ശ്രമങ്ങളാണ് നടത്തിവരുന്നത്. എന്നാൽ എല്ലാ ശ്രമങ്ങൾക്കും ആക്കം കുറയുന്നത് മാലിന്യ പ്ലാന്റുകൾക്ക് എതിരെയുള്ള ജനങ്ങളുടെ എതിർപ്പാണ്. ബോധവൽക്കരണത്തിലൂടെ ഒരു മാറ്റമുണ്ടാക്കാനാണ് തീവ്രമായ ശ്രമം നടത്തി വരുന്നത്. |
| ബി) | അടുത്തവർഷത്തെ നഗരസഭകളുടെ ബജറ്റിൽ കൂടുതൽ തുക ഇതിനായി നീക്കിവയ്ക്കുവാൻ നിർദ്ദേശം നല്കിയിട്ടുണ്ടോ; | ബി) | നൽകിയിട്ടുണ്ട്. |
| സി) | 2013-14 വർഷത്തിൽ ഓരോ നഗരസഭയും മാലിന്യനിർമ്മാർജ്ജനത്തിനായി സ്വന്തം ഫണ്ടിൽ നിന്ന് നീക്കി വച്ചിട്ടുള്ള തുക എത്രവീതമാണെന്ന് അറിയിക്കുമോ? | സി) | വിവരം ശേഖരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ